## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1152 — 05/03/2020-ൽ മറുപടിയ്ക്ക്

## റവന്യൂ മിത്രം പദ്ധതി

ചോദ്യം :

ശ്രീ.മോൻസ് ജോസഫ്
ശ്രീ. പി.ജെ.ജോസഫ്
ശ്രീ. സി.എഫ്.തോമസ്

മറുപടി :

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നടപ്പാക്കി വരുന്ന റവന്യൂ മിത്രം പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് റവന്യൂ വകുപ്പ് കൈകാര്യം ചെയ്യുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട് പൊതു ജനത്തിനുണ്ടാകുന്ന പരാതികൾ ഓൺലൈനായി റവന്യൂ വകുപ്പ് മന്ത്രിയെ അറിയിക്കുന്നതിനും പ്രസ്തുത പരാതിയ്ക്ക് ഓൺലൈനായി തന്നെ മറുപടി ലഭ്യമാക്കുകയും ചെയ്യുന്ന പരാതി പരിഹാര സംവിധാനമായ റവന്യൂ-മിത്രം (Revenue-Minister's Interactive Transparent Redressal and Assistance Mission) സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. വകുപ്പ് കൈകാര്യം ചെയ്യുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട് പരാതിയുള്ള ഏതു വ്യക്തിക്കും ഇത് സംബന്ധിച്ച് https://mitram.revenue.kerala.gov.in/ എന്ന പോർട്ടലിലൂടെ ബഹു.റവന്യൂ വകുപ്പ് മന്ത്രിക്ക് പരാതി നൽകാവുന്നതാണ്. |

PR

| | | | |
|---|---|---|---|
| (ബി) | റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുള്ള പരാതികൾ മന്ത്രിയെ ഓൺലൈനായി അറിയിക്കുന്നതോടൊപ്പം പരാതി പരിഹാര നിർദ്ദേശങ്ങളും ഓൺലൈനായി അറിയിക്കുമോ; മൊബൈൽ ഫോൺ വഴി മെസ്സേജ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുള്ള പരാതികൾക്ക് പരിഹാര നിർദ്ദേശങ്ങളും മറുപടികളും ഓൺലൈനായി തന്നെ അറിയിക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുള്ളതാണ്. കൂടാതെ പരാതികളിൽ സ്വീകരിക്കുന്ന നടപടികൾ സംബന്ധിക്കുന്ന വിവരം യഥാസമയം പരാതിക്കാർക്ക് മൊബൈൽ മെസ്സേജ് വഴി ലഭ്യമാക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | റവന്യൂ മിത്രം വഴി എം.എൽ.എ.-മാർക്കും പരാതി നൽകുന്നതിന് പ്രത്യേക ലിങ്ക് തയ്യാറാക്കാമോ; ആയതിന് സോഫ്റ്റ് വെയറിൽ വേണ്ട മാറ്റം വരുത്തുന്ന കാര്യം പരിശോധിക്കുമോ? | (സി) | റവന്യൂ മിത്രം വെബ് പോർട്ടലിലൂടെ ബഹു. റവന്യൂ മന്ത്രിക്കു സമർപ്പിക്കുന്ന പരാതികളിൽ സമയബന്ധിതമായി നടപടി സ്വീകരിച്ചു വരുന്നുണ്ട്. എല്ലാ അപേക്ഷകളും/പരാതികളും അടിയന്തര പ്രാധാന്യമുള്ളതായി കണക്കാക്കി നടപടി എടുക്കുന്നതിനു ശ്രദ്ധിക്കുന്നതിനാൽ എം.എൽ.എ.-മാർക്കു പരാതി നൽകുന്നതിന് പ്രത്യേക ലിങ്ക് തയ്യാറാക്കേണ്ട ആവശ്യമുണ്ടെന്നു കാണുന്നില്ല. |

PR

**സെക്ഷൻ ഓഫീസർ**